**പതിനഞ്ചാം കേരള നിയമസഭ-പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 52**

**17.09.2025-ലെ മറുപടിക്ക്**

**റീട്ടെയിൽ പണപ്പെരുപ്പം കുറയ്ക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.സണ്ണി ജോസഫ് എംഎൽഎ**<br>**ശ്രീ.എം.വിൻസെന്റ് എംഎൽഎ**<br>**ശ്രീ.സജീവ് ജോസഫ് എംഎൽഎ**<br>**ശ്രീമതി. ഉമ തോമസ് എംഎൽഎ** | **കെ.എൻ.ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | കേന്ദ്ര സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് റീട്ടെയിൽ പണപ്പെരുപ്പം ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം തുടർച്ചയായ ഏഴാം മാസവും മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ റീട്ടെയിൽ പണപ്പെരുപ്പം വർദ്ധിക്കാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | വിലയിരുത്തിയിട്ടുണ്ട്.<br>പണപ്പെരുപ്പം കണക്കാക്കാൻ ഉപയോഗിക്കുന്ന " ഭക്ഷണവും പാനീയങ്ങളും (Food&Beverages)" "മറ്റു വകകളും (Miscellaneous)" എന്നീ രണ്ട് പ്രധാന ഗ്രൂപ്പുകളിൽ ഉൾപ്പെടുന്ന എണ്ണകളും കൊഴുപ്പുകളും (Oil&Fats), സ്വർണ്ണവും വെള്ളിയും ഉൾപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കൾ എന്നിവയുടെ ഉപഭോഗം കേരളത്തിൽ കൂടുതലാണ്. ഈ ഇനങ്ങളുടെ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവും ഇൻഡക്സ് കണക്കാക്കുന്നതിൽ ഇവയ്ക്കുള്ള പ്രാധാന്യവുമാണ് പണപ്പെരുപ്പം ഉയരാൻ കാരണം. |
| (സി) | സംസ്ഥാനത്ത് റീട്ടെയിൽ പണപ്പെരുപ്പം കുറയ്ക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | റീട്ടെയിൽ പണപ്പെരുപ്പം തടയുന്നതിനു വേണ്ടി വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സർക്കാർ സംവിധാനങ്ങളായ, റേഷൻ കടകൾ, സപ്ലൈകോ,കൺസ്യൂമർഫെഡ്, പ്രത്യേക ഫെയറുകൾ എന്നിവ വഴി ഫലപ്രദമായ ഇടപെടലുകൾ സർക്കാർ |

| | | |
|---|---|---|
| | | നടത്തുന്നുണ്ട്. തത്ഫലമായി വിലക്കയറ്റം പിടിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഓണക്കാലത്ത് സപ്ലൈകോ ലിറ്ററിന് 339 രൂപ സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ വിൽക്കാൻ തീരുമാനിച്ചത് വെളിച്ചെണ്ണയുടെ ക്രമാതീതമായ വില പിടിച്ചു നിർത്തുന്നതിന് സഹായിച്ചു. പ്രധാന നിത്യോപയോഗ സാധനങ്ങൾക്ക് സർക്കാർ സംവിധാനങ്ങൾ വഴി സബ്സിഡി നല്കുന്നതിലൂടെയും, സപ്ലൈകോ,കൺസ്യൂമർ ഫെഡ് വഴി മറ്റ് സാധനങ്ങൾക്ക് മാർക്കറ്റ് വിലയിലും താഴ്ന്ന വിലയിൽ വില്പന നടത്തുന്നത് വഴിയും, പൊതു മാർക്കറ്റിലും വില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിന് വേണ്ടി 273.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക ഇടപെടലിന് പുറമെ കൃത്രിമ വിലക്കയറ്റം ഉണ്ടാക്കുന്ന വിപണിയിലെ അനഭിലഷണീയ പ്രവണതകൾ തടയുന്നതിനുള്ള വിവിധ തലത്തിലുള്ള പരിശോധനാ സംവിധാനങ്ങൾ വഴി പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത തുടങ്ങിയ പ്രവണതകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു . |

Anitha

**സെക്ഷൻ ഓഫീസർ**

## വിശദീകരണ കുറിപ്പ്

### പണപ്പെരുപ്പം

പണപ്പെരുപ്പം കണക്കാക്കാൻ ഉപയോഗിക്കുന്ന ഭക്ഷണവും പാനീയങ്ങളും (Food & Beverages) മറ്റു വകകൾ (Miscellaneous) എന്നീ രണ്ട് പ്രധാന ഗ്രൂപ്പുകളിൽ ഉൾപ്പെട്ട ഇനങ്ങളുടെ വിലയിലുള്ള വർദ്ധനവാണ് പണപ്പെരുപ്പം വർദ്ധിക്കാൻ പ്രധാന കാരണം. ഭക്ഷണവും പാനീയങ്ങളും എന്ന ഗ്രൂപ്പിനകത്തുള്ള എണ്ണകളും കൊഴുപ്പുകളും (Oil & Fats) എന്ന സബ് ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഇനങ്ങൾക്ക് കഴിഞ്ഞ ഏതാനം മാസങ്ങളായി വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റു വകകൾ (Miscellaneous) എന്ന ഗ്രൂപ്പിൽ ഉൾപ്പെടുന്ന വ്യക്തിഗത പരിചരണങ്ങളും സേവനങ്ങളും (Personal Care & Effects) എന്ന സബ് ഗ്രൂപ്പിൽ സ്വർണ്ണവും വെള്ളിയും ഉൾപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളും സേവനങ്ങളും കൂടി ഉൾപ്പെടുന്നുണ്ട്. ഈ ഇനങ്ങളുടെ വിലയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം "എണ്ണകളും കൊഴുപ്പുകളും", "വ്യക്തിഗത പരിചരണങ്ങളും സേവനങ്ങളും" എന്നീ രണ്ടു സബ് ഗ്രൂപ്പുകളിലും ഉൾപ്പെടുന്ന ഇനങ്ങളുടെ ഉപഭോഗം കൂടുതൽ ആയതിനാൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇൻഡക്സ് കണക്കാക്കുന്നതിൽ ഇവയ്ക്കുള്ള പ്രാധാന്യവും(Weight)) കൂടുതലാണ്. ഈ സാഹചര്യത്തിലാണ് ഉപഭോക്തൃ വിലസൂചികയും പണപ്പെരുപ്പവും സംസ്ഥാനത്ത് വർദ്ധിച്ചു നിൽക്കുന്നത്.

### വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ

വിപണി ഇടപെടലിലൂടെ 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി നൽകി വരുന്നു. പ്രസ്തുത സാധനങ്ങളുടെ സപ്ലൈകോ സബ്സിഡി വില ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉൽപ്പന്നത്തിന്റെ പേര് | ജി എസ് റ്റി –ക്ക് മുൻപുള്ള സബ്സിഡി വില( രൂപ) |
|---|---|---|
| 1 | ചെറുപയർ (കിലോഗ്രാമിന്) | 90 |
| 2 | ഉഴുന്ന് (കിലോഗ്രാമിന്) | 90 |

| | | |
|---|---|---|
| 3 | കടല (കിലോഗ്രാമിന്) | 65 |
| 4 | വൻപയർ (കിലോഗ്രാമിന്) | 70 |
| 5 | ഉഴുന്ന്പരിപ്പ് (കിലോഗ്രാമിന്) | 93 |
| 6 | മുളക് (കിലോഗ്രാമിന്) | 110 |
| 7 | മല്ലി (കിലോഗ്രാമിന്) | 78 |
| 8 | പഞ്ചസാര (കിലോഗ്രാമിന്) | 33 |
| 9 | വെളിച്ചെണ്ണ സബ്സിഡി (ലിറ്റർ) | 280 |
| 10 | ജയ അരി (കിലോഗ്രാമിന്) | 33 |
| 11 | കുറുവ അരി (കിലോഗ്രാമിന്) | 33 |
| 12 | മട്ട അരി (കിലോഗ്രാമിന്) | 33 |
| 13 | പച്ചരി (കിലോഗ്രാമിന്) | 29 |

വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സർക്കാരിന്റെ ഈ ഇടപെടൽ നിർണ്ണായകമാണ്. കൂടാതെ ഉത്സവ സീസണുകളിൽ പ്രത്യേക ഇടപെടലുകൾ നടത്താറുണ്ട്. വെളിച്ചെണ്ണ വില വർദ്ധനവിൽ ഉണ്ടായ കുതിപ്പ് ഈ ഓണക്കാലത്ത് പിടിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. പൊതു മാർക്കറ്റിൽ ലിറ്ററിന് 550/- രൂപ എത്തിയ വെളിച്ചെണ്ണയുടെ വില സപ്ലൈകോ വഴി സബ്സിഡി ഇല്ലാതെ തന്നെ ആവശ്യമുള്ള അളവിൽ ലിറ്ററിന് 429/-രൂപയ്ക്ക് വിതരണം ചെയ്തു. തത്ഫലമായി വെളിച്ചെണ്ണയുടെ മാർക്കറ്റ് വില 430/-രൂപയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓണക്കാലത്ത് 14 ജില്ലകളിലും ജില്ലാ ഫെയറുകളും ഓണച്ചന്തകളും നടത്തിയിരുന്നു. കൂടാതെ വിപണി ഇടപെടൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ഓണച്ചന്തകൾ നടത്തി. ഓണത്തിനോടനുബന്ധിച്ച് AAY കാർഡ് ഉടമകൾക്ക് 710/-രൂപ വിലയുള്ള സൗജന്യ ഓണക്കിറ്റുകൾ നൽകി .

സംസ്ഥാനത്തെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് വകപ്പ് GO(Rt) No.470/2023/FCSD, Dated 23/11/2023 പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം അതാത് ജില്ല കളക്ടർ, ഭക്ഷ്യ, കൃഷി എന്നീ വകപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ കമ്മീഷണർക്ക് സമർപ്പിക്കുകയും ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിച്ച് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിലക്കയറ്റം തടയുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജില്ല /താലൂക്ക് തല ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഉത്സവ സീസണുകളിൽ വിവിധ വകപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ആഫീസർ/താലൂക്ക് സപ്ലൈ ആഫീസർ /സിറ്റി റേഷനിങ് ഓഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകപ്പ് എന്നീ വകപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തുന്നുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടിസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. വകപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ വകപ്പ് സ്വീകരിച്ചുവരുന്നു.

അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി കേന്ദ്രസർക്കാരിന്റെ പദ്ധതിയായ Price Monitoring Cell പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവര കണക്കു വകപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ Upload ചെയ്തു വരുന്നു.

പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ 'Centre for Price Research Kerala' രൂപീകരിച്ചിട്ടുണ്ട്. ആയത് വഴി അനുദിനം വർദ്ധിച്ചു വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി മികച്ച ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി

സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച്, താരതമ്യം ചെയ്തു റിപ്പോർട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ അംഗീകരിച്ച് സർക്കാരിലേയ്ക്കും പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതിവിവര കണക്ക് വകപ്പിലേയ്ക്കും നൽകി വരുന്നു.

Anitha

**സെക്ഷൻ ഓഫീസർ**

THE KERALA STATE
CIVIL SUPPLIES CORPORATION LTD.
( A Fully owned Government of Kerala undertaking )
GSTIN: 32AAACK6767FHZ5 CIN: U52209KL1974SGC002615

KSCSC/811/2024-M2(MTNG) തീയതി : 10-09-2025

സ്വീകർത്താവ്

ഗവൺമെൻറ് സെക്രട്ടറി
ഭക്ഷ്യ പൊതു വിതരണ വകുപ്പ്
ഗവൺമെൻറ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം : സപ്ലൈകോ – മാർക്കറ്റിംഗ് ഡിവിഷൻ - പതിനഞ്ചാം കേരള നിയമസഭ- പതിനാലാം സമ്മേളനം- നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം - മറുപടി - സംബന്ധിച്ച്

സൂചന : നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 4

സൂചനയിലേക്ക് താങ്കളുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു.

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 4 നുള്ള മറുപടി ചുവടെ ചേർക്കുന്നു.

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. **സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുന്ന പദ്ധതി**

സർക്കാരിന് വേണ്ടി പൊതു വിപണിയിൽ ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയാണ് സപ്ലൈകോ സ്ഥാപിതമായിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, മട്ട അരി, ജയ അരി, കുറുവ അരി, പച്ചരി എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിലാണ് പ്രസ്തുത സാധനങ്ങളുടെ സബ്സിഡി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ സബ്സിഡി വില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **13 ഇനം സബ് സിഡി സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായ പരമാവധി അളവും** | | | |
|---|---|---|---|
| ക്രമ നമ്പർ | ഇനം | സബ് സിഡി വിൽപ്പന വില രൂപ | സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
| 1 | ചെറുപയർ (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 3 | കടല (1 കി. ഗ്രാം) | 65 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 70 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 93 | 1 കിലോ ഗ്രാം |
| 6 | മുളക് (1 കി. ഗ്രാം) | 110 | 1 കിലോ ഗ്രാം |
| 7 | മല്ലി (500 ഗ്രാം) | 39 | 500 ഗ്രാം |

| | | | |
|---|---|---|---|
| 8 | പഞ്ചസാര (1 കി. ഗ്രാം) | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ സബ്സിഡി ½ ലിറ്റർ | 140 | ½ ലിറ്റർ |
| 10 | ജയ അരി (1 കി. ഗ്രാം) | 33 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 29 | |
| മേൽപ്പറഞ്ഞ സാധനങ്ങൾക്ക് നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്. | | | |

പ്രതിമാസം 30 ലക്ഷം മുതൽ 45 ലക്ഷം വരെ കുടുംബങ്ങൾക്ക് ഇത്തരത്തിൽ സബ്സിഡി ആനുകൂല്യം ലഭിച്ചു.

2. **ഫ്രീസെയിൽ സബ്സിഡി നിരക്കിൽ വിൽപ്പന**

   ന്യായ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോ നാല്പതോളം ഇനം ഭക്ഷ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 5 മുതൽ 30 ശതമാനം വരെ കുറഞ്ഞ വിലയിൽ [ഫ്രീസെയിൽ സബ്സിഡി നിരക്കിൽ (FSSR) ] വിൽപ്പന നടത്തി വരുന്നുണ്ട്.

3. **സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ഉൽപ്പന്നങ്ങളുടെ വിൽപ്പന** ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട, പുട്ടുപൊടി, അപ്പം പൊടി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തിവരുന്നു.

4. **FMCG ഉൽപ്പന്നങ്ങളുടെ വിൽപ്പന** ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, പ്രമുഖ ബ്രാൻഡുകളുടെ FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ /മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

5. **ഉത്സവ കാലങ്ങളിൽ വിവിധ ഫെയറുകൾ സംഘടിപ്പിക്കുന്നത്-**
സംസ്ഥാനത്ത് ഓണം, വിഷു, ഈസ്റ്റർ, റംസാൻ, ക്രിസ്മസ് മുതലായ ഉത്സവ കാലങ്ങളിൽ സപ്ലൈകോ ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷവും സപ്ലൈകോ വിവിധ ഉത്സവ കാല ഫെയറുകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു പ്രമുഖ വിൽപ്പനശാല 26-03-25 മുതൽ 30-03-25 വരെ റംസാൻ ഫെയറുകളായി പ്രവർത്തിപ്പിച്ചു. കൂടാതെ എല്ലാ താലൂക്കിലെയും ഒരു പ്രമുഖ സപ്ലൈകോ വിൽപ്പനശാല 10-04-2025 തീയതി മുതൽ 19-04-2025 വരെ വിഷു- ഈസ്റ്റർ ഫെയർ എന്ന നിലയിൽ പ്രവർത്തിപ്പിച്ചു. ഈ ഓണക്കാലത്ത് 13 ജില്ലകളിൽ പ്രത്യേകമായും ഇടുക്കിയിൽ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്നും ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചു. കൂടാതെ ജില്ലാ ഫെയറുകൾ ഇല്ലാത്ത 126 നിയോജക മണ്ഡലങ്ങളിൽ പ്രമുഖ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്ന് ഓണച്ചന്തകൾ സംഘടിപ്പിച്ചു. ഇതിനുപുറമേ 140 നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ഓണച്ചന്തകൾ നിശ്ചിത ഷെഡ്യൂളുകൾ പ്രകാരം പ്രവർത്തിപ്പിച്ചു.

6. **സൗജന്യ ഓണക്കിറ്റുകളുടെ വിതരണം** 11-08-2025 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം, 2025 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY വിഭാഗം കാർഡ് ഉടമകൾക്ക് 26-08-2025 മുതൽ 09-09-2025 വരെ ഏകദേശം 5,63,571 സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട 426 കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സർക്കാർ ഉത്തരവ് അനുസരിച്ച് സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് നാലു പേർക്ക് ഒരു കിറ്റ് എന്ന കണക്കിന് പതിനായിരത്തോളം ഓണക്കിറ്റുകൾ സപ്ലൈകോ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. ആയത് വിതരണം ചെയ്തുവരുന്നു.
7. ഇതിനു പുറമേ ഓണക്കാലത്ത് സപ്ലൈകോ സ്വന്തം ബ്രാൻഡായ ശബരി സിഗ്നേച്ചർ കിറ്റ് , സമൃദ്ധി കിറ്റ് എന്നിവയും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ. യിൽ നിന്ന് OMSS Scheme ൽ ലഭ്യമായ ഓണം സ്പെഷ്യൽ പച്ചരിയും പുഴുക്കൽ അരിയും കിലോഗ്രാമിന് 25/- രൂപ നിരക്കിൽ പരമാവധി 20 കിലോ വരെ വിൽപ്പന നടത്തി വരുന്നു.

എ. പൊതു വിപണിയിൽ വെളിച്ചെണ്ണ വില ക്രമാതീതമായി (ലിറ്ററിന് 450/- രൂപയിലധികം) ഉയർന്ന സാഹചര്യത്തിൽ, 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് സബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെണ്ണ ലിറ്ററിന് 339/- രൂപ നിരക്കിലും പൊതുജനങ്ങൾക്ക് നോൺ-സബ്സിഡി ശബരി വെളിച്ചെണ്ണ 1 ലിറ്ററിന് 389/- രൂപ നിരക്കിലും സപ്ലൈകോ വിൽപ്പനശാലകൾ വഴി ലഭ്യമാക്കി. കൂടാതെ 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് ആഗസ്റ്റ് മാസത്തെ സബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെണ്ണയോടോപ്പം സെപ്തംബർ മാസത്തെയും വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കി. ഇതിനു പുറമേ സെപ്തംബർ 3,4 തീയതികളിൽ സപ്ലൈകോ വിൽപ്പനശാലകളിൽ നിന്ന് 1500/- രൂപയോ അതിൽ കൂടുതലോ തുകയ്ക്ക് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക ഓഫറായി 1 ലിറ്ററിന് 339 /- രൂപ നിരക്കിൽ ശബരി വെളിച്ചെണ്ണ നൽകി.

**(ബി)** 2025 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY വിഭാഗം കാർഡ് ഉടമകൾക്കും സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും തുണി സഞ്ചി ഉൾപ്പെടെ 15 അവശ്യ സാധനങ്ങൾ അടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 11-08-2025 തീയതിയിലെ സ.ഉ. (സാധാ) നം.275/2025/F&CS പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതനുസരിച്ച് സപ്ലൈകോ താഴെപ്പറയുന്ന സാധനങ്ങൾ ഉൾപ്പെട്ട ഓണക്കിറ്റ് തയ്യാറാക്കി വിതരണത്തിനായി റേഷൻ കടകളിൽ എത്തിച്ചു നൽകിട്ടുണ്ട്.

| ക്രമ നം. | ഇനം | അളവ് |
|---|---|---|
| 1 | പഞ്ചസാര | 1 കിലോഗ്രാം |
| 2 | വെളിച്ചെണ്ണ | 500 മില്ലീ ലിറ്റർ |
| 3 | തുവരപ്പരിപ്പ് | 250 ഗ്രാം |
| 4 | ചെറുപയർ പരിപ്പ് | 250 ഗ്രാം |
| 5 | വൻപയർ | 250 ഗ്രാം |
| 6 | കശുവണ്ടി | 50 ഗ്രാം |
| 7 | നെയ്യ് (മിൽമ) | 50 മില്ലീ ലിറ്റർ |
| 8 | ശബരി ഗോൾഡ് ടീ | 250 ഗ്രാം |
| | | |

| | | |
|---|---|---|
| 9 | ശബരി പായസം മിക്സ് | 200 ഗ്രാം |
| 10 | ശബരി സാമ്പാർ പൊടി | 100 ഗ്രാം |
| 11 | ശബരി മുളക് പൊടി | 100 ഗ്രാം |
| 12 | ശബരി മഞ്ഞൾ പൊടി | 100 ഗ്രാം |
| 13 | ശബരി മല്ലിപ്പൊടി | 100 ഗ്രാം |
| 14 | ശബരി ഉപ്പ് | 1 കിലോഗ്രാം |
| 15 | തുണി സഞ്ചി | 1 എണ്ണം |

**(സി)** 2025 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY വിഭാഗം കാർഡ് ഉടമകൾക്കും സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും തുണി സഞ്ചി ഉൾപ്പെടെ 15 അവശ്യ സാധനങ്ങൾ അടങ്ങുന്ന സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 11-08-2025 തീയതിയിലെ സ.ഉ.(സാധാ) നം.275/2025/F&CS പ്രകാരം സർക്കാർ ഉത്തരവായിരുന്നു. മേൽപ്പറഞ്ഞ ഓണക്കിറ്റ് വിതരണത്തിനായി ചെയ്യുവാൻ സർക്കാർ 05-08-2025 തീയതിയിലെ സ.ഉ.(സാധാ) നം.291/2025/F&CS ഉത്തരവ് പ്രകാരം 43 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്ന് ലഭ്യമായ ലിസ്റ്റിന് അനുസൃതമായി സപ്ലൈകോ ഓണക്കിറ്റുകൾ തയ്യാറാക്കി റേഷൻകടകളിൽ എത്തിച്ചു നൽകുകയും 26-08-2025 മുതൽ 09-09-2025 വരെ ഏകദേശം 5,63,571 കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും പത്തനംതിട്ട ജില്ലയിലെ ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കും കൂടി പ്രസ്തുത ഓണക്കിറ്റ് വിതരണം ചെയ്യുവാൻ 27-08-2025 തീയതിയിലെ സ.ഉ.(സാധാ) നം.297/2025/F&CS പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതനുസരിച്ച് ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട 426 കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് നാലു പേർക്ക് ഒരു കിറ്റ് എന്ന കണക്കിന് പതിനായിരത്തോളം ഓണക്കിറ്റുകൾ സപ്ലൈകോ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. ആയത് വിതരണം ചെയ്തുവരുന്നു. വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പൊതു വിതരണ വകുപ്പിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചാലും.

**(ഡി)** പൊതു വിതരണ വകുപ്പിൽ നിന്ന് മറുപടി നൽകിയാലും.

വിശ്വസ്തതയോടെ

Signed by
Jayakrishnan V M Ias
Date: 10-09-2025 22:58:30

ജനറൽ മാനേജർ

**വിശദീകരണക്കുറിപ്പ്**

പൊതു വിപണിയിൽ കാര്യക്ഷമമായി ഇടപെട്ട് വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ് സപ്ലൈകോയുടെ സ്ഥാപിത ലക്ഷ്യം. ആയതിൻറെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരം അരി, പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ, മല്ലി, മുളക് തുടങ്ങിയ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ 20 മുതൽ 35 ശതമാനം വിലക്കുറവിൽ) എല്ലാ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും നിയന്ത്രിത അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സപ്ലൈകോയിൽ വിൽപ്പന നടത്തിവരുന്ന അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില്പന വില വാങ്ങൽ വിലയുടെയും പൊതു വിപണി വിലയുടെയും അടിസ്ഥാനത്തിൽ പരിഷ്കരിക്കാറുണ്ട്. ഈ 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന വില 2016 മുതൽ ദീർഘകാലം വർദ്ധിപ്പിച്ചിരുന്നില്ല.

വിവിധ കാരണങ്ങളാൽ സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്ന പശ്ചാത്തലത്തിൽ സപ്ലൈകോയുടെ പരിഷ്കരണത്തിനായി സർക്കാർ ഒരു വിദഗ്ദസമിതിയെ നിയോഗിക്കുകയുണ്ടായി. ടി വിദഗ്ദസമിതിയുടെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 16-2-2024 തീയതിയിലെ സ.ഉ.(കൈ) നം. 3-2024-F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് 13 ഇനം സബ്സിഡി സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില 21-02-2024 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. സബ്സിഡി വിലകൾ പൊതു വിപണി വിലകളുമായി വിശകലനം ചെയ്ത് സർക്കാർ അനുമതിയോടെ പുതുക്കി നിശ്ചയിക്കുവാൻ ടി സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈകോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം സപ്ലൈകോ സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ

വിൽപ്പന നടത്തിവരുന്ന സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ച് പരിഷ്കരിക്കുന്നുണ്ട്.

ഈ ഓണക്കാലത്ത് സപ്ലൈകോ സംഘടിപ്പിച്ച ജില്ലാ ഫെയറുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | സപ്ലൈകോ ഡിപ്പോ | 2025 ഓണം ജില്ലാ ഫെയർ നടത്തിയ സ്ഥലം |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | പുത്തരിക്കണ്ടം നയനാർ പാർക്ക്, തിരുവനന്തപുരം |
| 2 | കൊല്ലം | കൊല്ലം | ആശ്രാമം മൈതാനം, കൊല്ലം |
| 3 | പത്തനംതിട്ട | പത്തനംതിട്ട | താഴെ തെക്കേതിൽ ബിൽഡിംഗ്, പത്തനംതിട്ട |
| 4 | കോട്ടയം | കോട്ടയം | തിരുനക്കര മൈതാനം , കോട്ടയം |
| 5 | ഇടുക്കി | തൊടുപുഴ | തൊടുപുഴ സപ്ലൈകോ പീപ്പിൾസ് ബാസാറിനോട് ചേർന്ന് |
| 6 | ആലപ്പുഴ | ആലപ്പുഴ | പുന്നപ്ര സ്മാരക ഹാൾ, ആലപ്പുഴ |
| 7 | എറണാകുളം | എറണാകുളം | ജവഹർ ലാൽ നെഹ്റു ഇൻറർ നാഷണൽ സ്റ്റേഡിയം ഹെലിപാട് ഗ്രൗണ്ട്, കലൂർ |
| 8 | തൃശ്ശൂർ | തൃശ്ശൂർ | തേക്കിൻകാട് മൈതാനം, തൃശ്ശൂർ |
| 9 | പാലക്കാട് | പാലക്കാട് | കോട്ട മൈതാനം, പാലക്കാട് |
| 10 | മലപ്പുറം | മഞ്ചേരി | ഡാലിയ കേപീസ് അവന്യൂ പെരിന്തൽമണ്ണ റോഡ്, മലപ്പുറം |
| 11 | കോഴിക്കോട് | കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിന് പടിഞ്ഞാറുവശം |
| 12 | കണ്ണൂർ | കണ്ണൂർ | താലൂക്ക് കോൺഫറൻസ് ഹാൾ , കണ്ണൂർ |
| 13 | വയനാട് | കൽപ്പറ്റ | നെല്ലിക്കുന്ന ടവർ , പള്ളിത്താഴെ |

| | | | |
|---|---|---|---|
| | | | റോഡ്, കൽപ്പറ്റ |
| 14 | കാസറഗോഡ് | കാഞ്ഞങ്ങാട് | വൈറ്റ് ലൈൻ കോംപ്ലക്സ്, കോട്ടച്ചേരി പെട്രോൾ വമ്പിന് സമീപം, കാഞ്ഞങ്ങാട് |

2025 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY വിഭാഗം കാർഡ് ഉടമകൾക്കും സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും 14 അവശ്യ സാധനങ്ങൾ ഉൾപ്പെടുന്ന സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 11-08-2025 തീയതിയിലെ സ.ഉ.(സാധാ) നം.275/2025/F&CS പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതനുസരിച്ച് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്ന് ലഭ്യമായ ലിസ്റ്റിന് അനുസൃമായി സപ്ലൈകോ ഓണക്കിറ്റുകൾ തയ്യാറാക്കി റേഷൻകടകളിൽ എത്തിച്ചു നൽകുകയും റേഷൻകടയിലെ ഇ-പോസ് സംവിധാനം വഴി 26-08-2025 മുതൽ 09-09-2025 വരെ ഏകദേശം 5,63,571 കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കിറ്റു വിതരണം ഇപ്പോഴും തുടരുന്നതിനാൽ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

ഇതിനുപുറമേ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ അനാഥാലയങ്ങൾ ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും (നാലുപേർക്ക് ഒരു കിറ്റ് എന്നാ കണക്കിൽ ) പത്തനംതിട്ട ജില്ലയിലെ ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കും കൂടി അനുവദിക്കുന്നതിന് അനുമതി നൽകിയും ആയതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിക്കൊണ്ടും 27-08-2025 തീയതിയിലെ സ.ഉ.(സാധാ) നം.297/2025/F&CS പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ട്.
അതനുസരിച്ച് ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട 426 കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് നാലു പേർക്ക് ഒരു കിറ്റ് എന്ന കണക്കിന് പതിനായിരത്തോളം ഓണക്കിറ്റുകൾ സപ്ലൈകോ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. ആയത് വിതരണം ചെയ്തുവരുന്നു.

മേൽപ്പറഞ്ഞ ഓണക്കിറ്റ് വിതരണത്തിനായി സർക്കാർ 05-08-2025 തീയതിയിലെ സ.ഉ.(സാധാ) നം.291/2025/F&CS ഉത്തരവ് പ്രകാരം 43 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

0484 2206775 www.supplycokerala.com, info@supplyco.in Maveli Bhavan, Gandhi Nagar, Kochi - 682 020, Kerala

THE KERALA STATE
CIVIL SUPPLIES CORPORATION LTD.
( A Fully owned Government of Kerala undertaking )

GSTIN: 32AAACK6767FHZ5 CIN: U52209KL1974SGC002615

KSCSC/3364/2023-M2(MTNG) തീയതി : 25-07-2025

സ്വീകർത്താവ്

ഗവൺമെൻറ് സെക്രട്ടറി
ഭക്ഷ്യ പൊതു വിതരണ വകുപ്പ്
ഗവൺമെൻറ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം : സപ്ലൈകോ- മാർക്കറ്റിംഗ്- സബ്സിഡി വിൽപ്പന വില പരിഷ്കരണം - അനുമതി ആവശ്യപ്പെടുന്നത്- സംബന്ധിച്ച്

സൂചന : (1) സ.ഉ.(കൈ) നം.3/2024/F&CS തീയതി 16-02-2024
(2) സ.ഉ.(സാധാ) നം.287-2024-F&CS തീയതി 04-09-2024
(3) സ.ഉ.(സാധാ) നം. 22/2025/F&CS തീയതി 29-01-2025
(4) സ.ഉ.(സാധാ) നം. 108/2025/F&CS തീയതി 10-04-2025

മേൽ സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) സർക്കാർ ഉത്തരവ് അനുസരിച്ച് 13 സബ്സിഡി ഇനങ്ങളുടെ ചില്ലറ വിൽപ്പന വില സർക്കാർ പരിഷ്കരിക്കുകയുണ്ടായി. കൂടാതെ പൊതു വിപണി നിരക്കുകൾ വിശകലനം ചെയ്തതിനു ശേഷം സർക്കാർ അനുമതിയോടെ സബ്സിഡി വിൽപ്പന വിലകൾ പു

ുക്കുന്നതിനുള്ള അനുമതി ടി ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. അതനുസരിച്ച് സപ്ലൈകോ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിഗണിച്ച് 13 സബ്സിഡി ഇനങ്ങളുടെ ചില്ലറ വിൽപ്പന വില സർക്കാർ പുനഃപരിശോധനക്ക് വിധേയമാക്കുകയും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പഞ്ചസാര, മട്ട അരി, തുവരപ്പരിപ്പ്, കുറുവ അരി, ചെറുപയർ, മുളക്, വൻപയർ, ജയ അരി, പച്ചരി, വെളിച്ചെണ്ണ എന്നിവയുടെ സബ്സിഡി വിൽപ്പന വിലകൾ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽക്കുന്ന സബ്സിഡി ഇനങ്ങളുടെ നിലവിലെ ചില്ലറ വിൽപ്പന വില താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ഉൽപ്പന്നത്തിന്റെ പേര് | ജി. എസ്.റ്റി. യ്ക്ക് മുൻപുള്ള സബ്സിഡി വിൽപ്പന വില (രൂപ) | പ്രതിമാസം ഓരോ റേഷൻ കാർഡിനും അനുവദിച്ച സബ്സിഡി അളവ് |
|---|---|---|---|
| 1 | ചെറുപയർ (കിലോഗ്രാമിന്) | 90 | 1 കിലോഗ്രാം |
| 2 | ഉഴുന്ന് (കിലോഗ്രാമിന്) | 90 | 1 കിലോഗ്രാം |
| 3 | കടല (കിലോഗ്രാമിന്) | 65 | 1 കിലോഗ്രാം |
| 4 | വൻപയർ (കിലോഗ്രാമിന്) | 75 | 1 കിലോഗ്രാം |
| 5 | തുവരപ്പരിപ്പ് (കിലോഗ്രാമിന്) | 105 | 1 കിലോഗ്രാം |
| 6 | മുളക് (½ കിലോഗ്രാമിന്) | 55 | ½ കിലോഗ്രാം |
| 7 | മല്ലി (½ കിലോഗ്രാമിന്) | 39 | ½ കിലോഗ്രാം |
| 8 | പഞ്ചസാര (കിലോഗ്രാമിന്) | 33 | 1 കിലോഗ്രാം |
| 9 | വെളിച്ചെണ്ണ ½ ലിറ്റർ | 75 | ½ ലിറ്റർ |
| 10 | ജയ അരി (കിലോഗ്രാമിന്) | 33 | ആകെ 10 കിലോഗ്രാം (എല്ലാ ഇനം അരികളും ഉൾപ്പെടെ) |
| 11 | കുറുവ അരി (കിലോഗ്രാമിന്) | 33 | |
| | | | |

| | | | |
|---|---|---|---|
| 12 | മട്ട അരി (കിലോഗ്രാമിന്) | 33 | |
| 13 | പച്ചരി (കിലോഗ്രാമിന്) | 29 | |

സൂചന (1) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് അനുസരിച്ച് നിലവിലെ പൊതു വിപണി നിരക്കുകളും ട്രെൻഡുകളും വിശകലനം ചെയ്തതിൻറെ അടിസ്ഥാനത്തിൽ തുവരപ്പരിപ്പ്, വൻപയർ, വെളിച്ചെണ്ണ എന്നീ സബ്സിഡി ഉത്പന്നങ്ങളുടെ വിൽപ്പന വില പരിഷ്ക്കരിക്കാവുന്നതാണ്. ആയതിൻറെ നിലവിലെ സബ്സിഡി നിരക്കും പൊതു വിപണി നിരക്കും പരിഷ്ക്കരിക്കുന്നതിനായി നിർദ്ദേശിക്കുന്ന സബ്സിഡി നിരക്കും താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ഉൽപ്പന്നത്തിന്റെ പേര് | നിലവിലെ സബ്സിഡി നിരക്ക് (രൂപ) | നിലവിലെ പൊതു വിപണി നിരക്ക് (രൂപ) | പൊതു വിപണി നിരക്കിൽ നിന്നുള്ള നിലവിലെ വ്യത്യാസത്തിന്റെ ശതമാനം | നിർദ്ദേശിക്കുന്ന സബ്സിഡി നിരക്ക് (രൂപ) | നിർദ്ദേശിക്കുന്ന വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| (1) | വൻപയർ (കിലോഗ്രാമിന്) | 75 | 102.64 | 27% | 70 | 32% |
| (2) | തുവരപ്പരിപ്പ് (1 കിലോഗ്രാമിന്) | 105 | 130 | 19% | 93 | 29% |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| (3) | വെളിച്ചെണ്ണ ½ ലിറ്റർ | 75 | 201.43 | 61% | 140 | 30% |

A. മേൽപ്പറഞ്ഞ ഇനങ്ങളുടെ സബ്സിഡി വില താഴെ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കണമെന്ന് അപേക്ഷിക്കുന്നു.

| ക്രമ നമ്പർ | ഉൽപ്പന്നത്തിന്റെ പേര് | നിർദ്ദേശിക്കുന്ന സബ്സിഡി വിൽപ്പന വില | നിർദ്ദേശിക്കുന്ന സബ്സിഡി വിൽപ്പന അളവ് |
|---|---|---|---|
| (1) | വൻപയർ (കിലോഗ്രാമിന്) | 70/- രൂപ. | 1 കിലോ ഗ്രാം. |
| (2) | തുവരപ്പരിപ്പ് (1 കിലോഗ്രാമിന്) | 93/- രൂപ. | 1 കിലോ ഗ്രാം. |
| (3) | വെളിച്ചെണ്ണ ½ ലിറ്റർ | 140/- രൂപ. | ½ ലിറ്റർ |

B. നിലവിൽ മുളക് സബ്സിഡി നിരക്കിൽ (Rs.55) കാർഡൊന്നിന് പ്രതിമാസം അര കിലോഗ്രാമാണ് നൽകിവരുന്നത്. ആയത് പ്രതിമാസം ഓണം പ്രമാണിച്ച് നിലവിലെ സബ്സിഡി നിരക്കിൽ (Rs.110) കാർഡൊന്നിന് പരമാവധി 1 കിലോ ഗ്രാം എന്നാക്കി പരിഷ്കരിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ ഇനങ്ങളുടെ സബ്സിഡി വിൽപ്പന നിരക്കുകൾ പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശം എത്രയും പെട്ടെന്ന് അംഗീകരിച്ച് ഉത്തരവാകണമെന്ന് സവിനയം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Dr Aswathy Srinivas Ias
Date: 25-07-2025 10:18:37

മാനേജിംഗ് ഡയറക്ടർ

ഉള്ളടക്കം : സൂചന 1 പകർപ്പ്

0484 2206775 www.supplycokerala.com, info@supplyco.in Maveli Bhavan, Gandhi Nagar, Kochi - 682 020, Kerala

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്

സ.ഉ.(സാധാ) നം.261/2025/F&CS തീയതി,തിരുവനന്തപുരം, 30-07-2025

പരാമർശം:-

1. സ.ഉ.(കൈ) നം.3/2024/ഭ.പൊ.വി.വ. തീയതി 16/02/2024.
2. സ.ഉ.(സാധാ) നം.287/2024/ഭ.പൊ.വി.വ. തീയതി 04/09/2024.
3. സപ്ലൈകോ സി.എം.ഡി.യുടെ 25/07/2025-ലെ KSCSC/3364/2023-M2(MTNG) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുവിപണി വിലവർദ്ധനവ് കണക്കിലെടുത്ത് സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിക്കുന്നതിന് സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് മുകളിൽ ഒന്നാമതായി പരാമർശിച്ചിരിക്കുന്ന സർ്ക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ചുവടെ പ്രതിപാദിക്കുന്ന സബ്സിഡി സാധനങ്ങളുടെ വില പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ. | ഉല്പ്പന്നത്തിന്റെ പേര് | നിർദ്ദേശിക്കുന്ന സബ്സിഡി വിൽപ്പന വില | നിർദ്ദേശിക്കുന്ന സബ്സിഡി വിൽപ്പന അളവ് |
|---|---|---|---|
| 1 | വൻപയർ (കിലോഗ്രാമിന്) | 70/- രൂപ | 1 കിലോ ഗ്രാം |
| 2 | തുവരപ്പരിപ്പ് (കിലോഗ്രാമിന്) | 93/- രൂപ | 1 കിലോ ഗ്രാം |
| 3 | വെളിച്ചെണ്ണ (1/2 ലിറ്റർ) | 140/-രൂപ | 1/2 ലിറ്റർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശരത് ചന്ദ്രൻ സി എസ്

സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ (201/സി2/2023 ഭ.പൊ.വി.വ. (പാർട്ട്-1)

ഉത്തരവിൻ പ്രകാരം

Signed by Veena V
Date: 30-07-2025 14:16:33
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഇനങ്ങളിൽ മുളകിന്റെ അളവ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.263/2025/F&CS തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.3/2024/ഭ.പൊ.വി.വ. തീയതി 16.02.2024.

2. സ.ഉ.(സാധാ) നം.261/2025/ഭ.പൊ.വി.വ. തീയതി 30.07.2025.

3. സപ്ലൈകോ എം.ഡി.-യുടെ 25.07.2025 തീയതിയിലെ KSCSC/3364/2023-M2(MTNG) നമ്പർ കത്ത്.

**ഉത്തരവ്**

സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി ഇനങ്ങളുടെ വില പരാമർശം (1) പ്രകാരം പരിഷ്കരിച്ച് ഉത്തരവായിരുന്നു നിലവിൽ മുളക് സബ്സിഡി നിരക്കിൽ (Rs.55/-) കാർഡൊന്നിന് പ്രതിമാസം അര കിലോഗ്രാമാണ് നൽകി വരുന്നതെന്നും ആയത് പ്രതിമാസം ഓണം പ്രമാണിച്ച് നിലവിലെ സബ്സിഡി നിരക്കിൽ (Rs.110/-) കാർഡൊന്നിന് പരമാവധി 1 കിലോഗ്രാം എന്നാക്കി പരിഷ്ക്കരിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം സപ്ലൈകോ എം.ഡി. ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ സബ്സിഡി നിരക്കിൽ (Rs.55/-) കാർഡൊന്നിന് പ്രതിമാസം അര കിലോഗ്രാം നൽകുന്ന മുളകിന്റെ അളവ് ഓണം പ്രമാണിച്ച് കാർഡൊന്നിന് പരമാവധി 1 കിലോഗ്രാം എന്നാക്കി നിലവിലെ സബ്സിഡി നിരക്കിൽ (Rs. 110/-) നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശരത് ചന്ദ്രൻ സി എസ്

സ്പെഷ്യൽ സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്) , തിരുവനന്തപുരം.

ധനകാര്യ (പി.യു.ബി) വകുപ്പ്

കരുതൽ ഫയൽ {സി2/201/2023-ഭ.പൊ.വി.വ.-Part(1)}.

ഉത്തരവിൻ പ്രകാരം

Signed by Veena V
Date: 31-07-2025 17:07:16

സെക്ഷൻ ഓഫീസർ

പകർപ്പ് : -

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ. ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

## ചെങ്ങറ സമരഭൂമിയിലുൾപ്പെട്ട കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 2025 സൗജന്യഭക്ഷ്യക്കിറ്റ് വിതരണം കുറിപ്പുകൾ

## റേഷൻകടകൾ വഴി ഓണത്തിന് സ്പെഷ്യൽ അരി.

- **പി.എച്ച്.എച്ച് (പിങ്ക്) കാർഡിന് നിലവിലുള്ള സൗജന്യ അരി വിഹിതത്തിന് പുറമെ 5 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ ലഭ്യമാക്കും.**
- **എൻ.പി.എസ് (നീല) കാർഡിന് നിലവിലുള്ള അരി വിഹിതത്തിന് പുറമെ 10 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ ലഭ്യമാക്കും.**
- **എൻ.പി.എൻ.എസ് (വെള്ള) കാർഡിന് ആകെ 15 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ ലഭ്യമാക്കും.**
- **എ.എ.വൈ (മഞ്ഞ) കാർഡിന് ഒരു കിലോ പഞ്ചസാര ലഭ്യമാക്കും.**
- **എല്ലാ വിഭാഗം റേഷൻകാർഡുകാർക്കും മണ്ണെണ്ണ വിഹിതം ഉറപ്പാക്കിയിട്ടുണ്ട്.**
- **ആദ്യ പാദത്തിലെ മണ്ണെണ്ണ വിഹിതം വാങ്ങാത്ത AAY കാർഡുകൾക്ക് 2 ലിറ്റർ മണ്ണെണ്ണയും മറ്റ് വിഭാഗം കാർഡുകാർക്ക് ഒരു ലിറ്റർ മണ്ണെണ്ണയും രണ്ട് പാദത്തിലെയും ചേർത്ത് ഓഗസ്റ്റ് മാസം അനുവദിച്ചിട്ടുണ്ട്.**
- 2025 ആഗസ്റ്റിൽ ഇതുവരെ സംസ്ഥാനത്തെ **72,05,716** കുടുംബങ്ങൾ (75.73%) തങ്ങളുടെ വിഹിതം കൈപ്പറ്റിയിട്ടുണ്ട്.

## **സൗജന്യ ഓണക്കിറ്റുകൾ**

- 2025 ഓണത്തോടനുബന്ധിച്ച് സൗജന്യ ഓണക്കിറ്റുകൾ AAY കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് (നാലുപേർക്ക് ഒരു കിറ്റ് എന്ന കണക്കിൽ) വിതരണംചെയ്യുന്നു. എപ്പോഴത്തേയുംപോലെ റേഷൻകടകൾ വഴിയാണ് വിതരണം.
- ഒരു കിറ്റിനായി ഏകദേശം ചെലവാകുന്നത് 710 രൂപയാണ്. ഇപ്രകാരം കിറ്റനല്കുവാനായി ആകെ ചെലവ് ആകുന്നത് **42.84 ലക്ഷം** രൂപയാണ്.
- AAY കിറ്റുകൾ **5,92,657** എണ്ണവും വെൽഫെയർ കിറ്റുകൾ **10,634** ഉം ആണ്. ( ആകെ **6,03,291** എണ്ണം)

## **ഓണചന്തകളും ഫെയറുകളും**

- 14 ജില്ലകളിലും ജില്ലാ ഫെയറുകൾ മികച്ച രീതിയിൽ നടന്നുവരുന്നു.
- ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു പ്രധാന ഔട്ട് ലെറ്റിനോടനുബന്ധമായി ഓണം ഫെയർ സംഘടിപ്പിച്ചിട്ടുണ്ട്. വിപണിയിടപെടൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ഓണച്ചന്തകൾ ക്രമീകരിച്ചിട്ടുണ്ട്. എല്ലാ സബ്സിഡി ഉൽപ്പന്നങ്ങളും, അരിയും ഭക്ഷ്യവസ്തുക്കളും ബ്രാൻഡഡ് ഉത്പന്നങ്ങളും ഇതിലൂടെ ഉൾപ്രദേശങ്ങളിലടക്കം എത്തിക്കാനാകും.

- **നാളിതുവരെ സപ്ലൈകോ ഓണക്കാല വില്പന 245 കോടി കവിഞ്ഞു. 300 കോടിയാണ് ലക്ഷ്യമിട്ടതെങ്കിലും അതിനുമപ്പുറത്തേക്ക് പോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.**

## <u>വെളിച്ചെണ്ണ വില പിടിച്ചുനിർത്തി</u>

- വെളിച്ചെണ്ണ വിലവർധനയിൽ സപ്ലൈകോ ഇടപെടൽ വളരെ ഫലപ്രദമായിരുന്നു എന്നാണ് കുറയുന്ന വെളിച്ചെണ്ണ വില കാണിക്കുന്നത്. ഉപഭോക്താക്കൾക്ക് സപ്ലൈകോ വില്പനശാലയിൽ നിന്ന് 429 രൂപ വിലയുള്ള കേര വെളിച്ചെണ്ണ ആവശ്യാനുസരണം വാങ്ങാം. നേരത്തെ ഒരു ബില്ലിന് ഒരു ലിറ്റർ കേര വെളിച്ചെണ്ണ മാത്രം എന്ന നിബന്ധന, ഉപഭോക്താക്കളുടെ ആവശ്യപ്രകാരം മാറ്റിയിട്ടുണ്ട്. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരിയുടെ ഒരു ലിറ്റർ സബ്സിഡി വെളിച്ചെണ്ണ 339 രൂപയ്ക്കും, സബ്സിഡിയിതര വെളിച്ചെണ്ണ 389 രൂപയ്ക്കും നൽകുന്നുണ്ട്.

## <u>സപ്ലൈകോ മുഖേന നല്കുന്ന അരി</u>

- ഒരു റേഷൻ കാർഡിന് 8 കിലോ ഗ്രാം അരിയാണ് സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വന്നിരുന്നത്. ഓണക്കാലത്ത് ഇതിനുപുറമേ കാർഡൊന്നിന് 20 കിലോ പച്ചരി/പുഴുക്കലരി 25/- രൂപ നിരക്കിൽ സ്പെഷ്യൽ അരിയും നല്കുന്നു.

"ഭരണഭാഷ- മാതൃഭാഷ" **കേരള സർക്കാർ**

നമ്പർ.PLGEA-B1/183/2025-PLGEA
ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തിയതി: 12-09-2025

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് -17/09/2025-ന് ബഹു ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ട നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.52-ന് മറുപടി ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന:-
1. 22.05.2025-ലെ വ്യയം-ബി3/113/2025-ധന നമ്പർ അനൗദ്യോഗിക കുറിപ്പ്
2. 10.09.2025-ലെ വ്യയം-ബി3/347/2025-ധന നമ്പർ അനൗദ്യോഗിക കുറിപ്പ്
3. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 11/9/2025-ലെ ഡി.ഇ.എസ്./4433/2025/ജി നമ്പർ കത്ത്.

സൂചനയിലേക്ക് ധനകാര്യ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.52-ന് മറുപടി നൽകുന്നതിനായി ചുവടെ പറയുന്ന വിവരങ്ങൾ ആ വകുപ്പിനെ അറിയിക്കാവുന്നതുമാണ്.

| ചോദ്യം നം.52 | മറുപടി |
|---|---|
| (എ) കേന്ദ്ര സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് റീട്ടെയിൽ പണപ്പെരുപ്പം | 2025 മെയ് മാസത്തെ അപേക്ഷിച്ച് സംസ്ഥാനത്ത് 2025 ജൂൺ മാസത്തിൽ ഉണ്ടായിട്ടുള്ള ഉയർന്ന വിലക്കയറ്റ നിരക്ക് സംബന്ധിച്ച് 18/07/2025-ലെ അർദ്ധഔദ്യോഗിക കത്ത് പ്രകാരം (DO Letter.No M-11016/2/2024-PSD dated 18.07.2025-അനുബന്ധം) നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ നിന്നും ശ്രദ്ധയിൽ പെടുത്തിയിരുന്നു. തുടർന്ന്, പ്രസ്തുത അർദ്ധഔദ്യോഗിക കത്തിന്റെ പകർപ്പ് 29.07.2025 തീയതിയിൽ തുടർ നടപടികൾക്കായി സംസ്ഥാന ആസൂത്രണ ബോർഡിനും കൃഷി വകുപ്പിനും ഭക്ഷ്യ |

| | |
|---|---|
| ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം തുടർച്ചയായ ഏഴാം മാസവും മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പൊതുവിതരണ വകുപ്പിനും ലഭ്യമാക്കിയിരുന്നു. **2025** ജനുവരി ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വിലക്കയറ്റ നിരക്ക് സംബന്ധിച്ച് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ നിന്നും ലഭിച്ച അർദ്ധഔദ്യോഗിക കത്തുകളുടെ പകർപ്പ് ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നു. എന്നാൽ സൂചന(**1**) ലെ അനൗദ്യോഗിക കുറിപ്പ് പ്രകാരം ഈ വിഷയത്തിൽ ഭരണ വകുപ്പിന് തന്നെ തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് ധനവകുപ്പ് അറിയിച്ചിരുന്നു. |
| (ബി)സംസ്ഥാനത്തെ റീട്ടെയിൽ പണപ്പെരുപ്പം വർദ്ധിക്കാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;<br><br>(സി)സംസ്ഥാനത്ത് റീട്ടെയിൽ പണപ്പെരുപ്പം കുറയ്ക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | പണപ്പെരുപ്പം കണക്കാക്കാൻ ഉപയോഗിക്കുന്ന ഭക്ഷണവും പാനീയങ്ങളും (**Food & Beverages**) മറ്റുവകകൾ (**Miscellaneous**) എന്നീ രണ്ട് പ്രധാന ഗ്രൂപ്പുകളിൽ ഉൾപ്പെട്ട ഇനങ്ങളുടെ വിലയിലുള്ള വർദ്ധനവാണ് പണപ്പെരുപ്പം വർദ്ധിക്കാൻ പ്രധാനകാരണം. ഭക്ഷണവും പാനീയങ്ങളും എന്ന ഗ്രൂപ്പിനകത്തുള്ള എണ്ണകളും കൊഴുപ്പുകളും (**Oil&Fats**) എന്ന സബ് ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഇനങ്ങൾക്ക് കഴിഞ്ഞ ഏതാനും മാസങ്ങളായി വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റു വകകൾ (**Miscellaneous**) എന്ന ഗ്രൂപ്പിൽ ഉൾപ്പെടുന്ന വ്യക്തിഗത പരിചരണങ്ങളും സേവനങ്ങളും (**Personal Care & Effects**) എന്ന സബ് ഗ്രൂപ്പിൽ സ്വർണ്ണവും വെള്ളിയും ഉൾപ്പെടുന്ന സൗന്ദര്യ വർദ്ധകവസ്തുക്കളും സേവനങ്ങളും കൂടി ഉൾപ്പെടുന്നുണ്ട്. ഈ ഇനങ്ങളുടെ വിലയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം “എണ്ണകളും കൊഴുപ്പുകളും", "വ്യക്തിഗത പരിചരണങ്ങളും സേവനങ്ങളും”എന്നീ രണ്ടു സബ് ഗ്രൂപ്പുകളിലും ഉൾപ്പെടുന്ന ഇനങ്ങളുടെ ഉപഭോഗം കൂടുതൽ |

| | |
|---|---|
| | ആയതിനാൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇൻഡക്സ് കണക്കാക്കുന്നതിൽ ഇവയ്ക്കുള്ള പ്രാധാന്യവും (Weightage) കൂടുതലാണ്. ഈ സാഹചര്യത്തിലാണ് ഉപഭോക്തൃ വിലസൂചികയും പണപ്പെരുപ്പവും സംസ്ഥാനത്തു വർദ്ധിച്ചു നിൽക്കുന്നത്. |

മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

ധനകാര്യ വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Unnikrishnan Nair. B. S
Date: 12-09-2025 16:58:43
സെക്ഷൻ ഓഫീസർ.

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം – 33
ഫോൺ : 0471 – 2320578, 2320379
Website: www.civilsupplieskerala.gov.in ✉: cru.ccs@kerala.gov.in

**നം. CCS/6179/2025-D1** **തീയതി:12-09-2025**

**പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ**

**സെക്രട്ടറി**
**ധനകാര്യ വകുപ്പ്**

സർ,

വിഷയം: പൊ.വി - 15-ാം കേരള നിയമസഭ - 14-ാം സമ്മേളനം - നക്ഷത്രചിഹ്നമുള്ള നിയമസഭാ ചോദ്യം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന : നക്ഷത്രചിഹ്നമുള്ള നിയമസഭാ ചോദ്യം നമ്പർ 52

സൂചന ദയവായി ശ്രദ്ധിച്ചാലും, ബഹു. ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ട നക്ഷത്രചിഹ്നമുള്ള നിയമസഭാ ചോദ്യം നമ്പർ 52 ന്റെ മറുപടി തുടർനടപടികൾക്കായി ചുവടെ ചേർക്കുന്നു.

**എ)** സർക്കാർ തലത്തിൽ നിന്നും മറുപടി നൽകിയാലും.

**ബി & സി)** പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പരിഹരിക്കുന്നതിനുള്ള നടപടികളാണ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നത്. പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നത് റിസർവ് ബാങ്ക് / കേന്ദ്ര സർക്കാർ തലത്തിൽ നിന്നുമാണ്. സംസ്ഥാനത്ത് ഭക്ഷ്യക്ഷാമം ഇല്ലാതാക്കുന്നതിനും പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ച് നിർത്തുന്നതിനും വകുപ്പ് തലത്തിൽ നിന്നും സ്വീകരിച്ച നടപടികൾ വിശദീകരണകുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>വിശദീകരണകുറിപ്പ്</u>**

സംസ്ഥാനത്തു ഭക്ഷ്യക്ഷാമം ഉണ്ടാകാതിരിക്കുന്നതിന് പൊതുവിതരണ ശൃഖല വഴി 1,18,754.083 MT ധാന്യം വിവിധ വിഭാഗത്തിലുള്ള കാർഡുടമകൾക്കായി പ്രതിമാസം വിതരണം നടത്തി വരുന്നു. കൂടാതെ ഉത്സവ സീസണുകളിൽ നോർമൽ വിഹിതത്തിനു പുറമെ സ്പെഷ്യൽ അരി വിതരണം

നടത്തുന്നുണ്ട് .

2025 ഓണം മഹോത്സവവുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് ഉടമകൾക്കും അധികമായി റേഷൻ വിഹിതം നൽകിയിട്ടുണ്ട്. ആയത് താഴെപ്പറയുന്ന പ്രകാരമാണ്. ഓഗസ്റ്റ് മാസമാണ് ടി വിഹിതം നൽകിയത്.

PHH കാർഡ് - നോർമൽ വിഹിതത്തിന് പുറമെ ഒരു കാർഡിന് 5 കി. ഗ്രാം അരി Rs.10.90/- നിരക്കിൽ നൽകി.

NPS കാർഡ് - നോർമൽ വിഹിതത്തിന് പുറമെ ഒരു കാർഡിന് 10 കി. ഗ്രാം അരി Rs.10.90/- നിരക്കിൽ നൽകി.

NPNS കാർഡ് - നോർമൽ വിഹിതം 15 കി. ഗ്രാം ആയി വർദ്ധിപ്പിച്ച Rs.10.90/- നിരക്കിൽ അരി നൽകി.

2025 ഓണത്തോടനുബന്ധിച്ച് AAY കാർഡുടമകൾക്കും, ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും (നാല് പേർക്ക് ഒരു കിറ്റ് എന്ന കണക്കിൽ) സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തുകയും, സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്ക് കിറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് G.O (Rt) No. 470/2023/FCSD dtd 23/11/2023 പ്രകാരം ബഹു ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം അതാത് ജില്ല കളക്ടർ ഭക്ഷ്യ, കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ കമ്മീഷണർക്ക് സമർപ്പിക്കുകയും ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിച്ച് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

വിലക്കയറ്റം തടയുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജില്ല /താലൂക്ക് തല ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ആഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ /സിറ്റി റേഷനിങ് ഓഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച്

പൊതുവിപണി പരിശോധന നടത്തുന്നുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring Cell പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ upload ചെയ്തു വരുന്നു.

പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ 'Centre for price Research Kerala' രൂപീകരിച്ചിട്ടുണ്ട്. ആയത് വഴി അനുദിനം വർദ്ധിച്ചു വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി മികച്ച ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ അംഗീകരിച്ച് സർക്കാരിലേയ്ക്കും, പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലേയ്ക്കും നല്കിവരുന്നു.

**വിശ്വസ്തതയോടെ**

Signed by
K Hima
Date: 12-09-2025 16:46:36

**പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ**

**<u>ഭരണഭാഷ- മാതൃഭാഷ</u>**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ്/4433/2025/ജി** **തീയതി: 11-09-2025**

---

ഡയറക്ടർ

1.അഡിഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

2. സ്പെഷ്യൽ സെക്രട്ടറി
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം :- ഡിഇഎസ്-ജനറൽ - 15 ആം കേരളം നിയമസഭാ -14 ആം സമ്മേളനം **-നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 52** -മറുപടി നൽകുന്നത് സംബന്ധിച്ചു

സൂചന :- 1. 10 -09 -2025 ലെ ബി 3 / 347 / 2025 / ധന നമ്പർ സർക്കാർ കത്ത്
2. 01 -09 -2025 ലെ ബി 1 / 183 / 2025 / പ്ലാനിംഗ് നമ്പർ സർക്കാർ കത്ത്

സൂചന പ്രകാരം ലഭ്യമായ **നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 52** ന്റെ മറുപടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(എ) കേന്ദ്ര സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് റീട്ടെയിൽ പണപ്പെരുപ്പം ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം തുടർച്ചയായ ഏഴാം മാസവും മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
ഉ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്
(ബി) സംസ്ഥാനത്തെ റീട്ടെയിൽ പണപ്പെരുപ്പം വർദ്ധിക്കാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;
ഉ) വിലയിരുത്തിയിട്ടുണ്ട്.

(സി)സംസ്ഥാനത്ത് റീട്ടെയിൽ പണപ്പെരുപ്പം കുറയ്ക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?
ഉ)സർക്കാർ തലത്തിൽ മറുപടി ലഭ്യമാക്കേണ്ടത്.

വിശ്വസ്തതയോടെ,

Signed by
G S Rajath
Date: 11-09-2025 14:42:35

DIRECTOR (FULL ADDL. CHARGE) DES

# വിശദീകരണക്കുറിപ്പ്

പണപ്പെരുപ്പം കണക്കാക്കാൻ ഉപയോഗിക്കുന്ന ഭക്ഷണവും പാനീയങ്ങളും **(Food & Beverages)** മറ്റുവകകൾ **(Miscellaneous)** എന്നീ രണ്ട് പ്രധാന ഗ്രൂപ്പുകളിൽ ഉൾപ്പെട്ട ഇനങ്ങളുടെ വിലയിലുള്ള വർദ്ധനവാണ് പണപ്പെരുപ്പം വർദ്ധിക്കാൻ പ്രധാനകാരണം. ഭക്ഷണവും പാനീയങ്ങളും എന്ന ഗ്രൂപ്പിനകത്തുള്ള എണ്ണകളും കൊഴുപ്പുകളും **(Oil&Fats)** എന്ന സബ് ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഇനങ്ങൾക്ക് കഴിഞ്ഞ ഏതാനും മാസങ്ങളായി വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റു വകകൾ **(Miscellaneous)** എന്ന ഗ്രൂപ്പിൽ ഉൾപ്പെടുന്ന വ്യക്തിഗത പരിചരണങ്ങളും സേവനങ്ങളും **(Personal Care & Effects)** എന്ന സബ് ഗ്രൂപ്പിൽ സ്വർണ്ണവും വെള്ളിയും ഉൾപ്പെടുന്ന സൗന്ദര്യ വർദ്ധകവസ്തുക്കളും സേവനങ്ങളും കൂടി ഉൾപ്പെടുന്നുണ്ട്. ഈ ഇനങ്ങളുടെ വിലയിലും വർദ്ധനവും ഉണ്ടായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം "എണ്ണകളും കൊഴുപ്പുകളും", "വ്യക്തിഗത പരിചരണങ്ങളും സേവനങ്ങളും"എന്നീ രണ്ടു സബ് ഗ്രൂപ്പുകളിലും ഉൾപ്പെടുന്ന ഇനങ്ങളുടെ ഉപഭോഗം കൂടുതൽ ആയതിനാൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇൻഡക്സ് കണക്കാക്കുന്നതിൽ ഇവയ്ക്കുള്ള പ്രാധാന്യവും **(Weight)** കൂടുതലാണ്. ഈ സാഹചര്യത്തിലാണ് ഉപഭോക്തൃ വിലസൂചികയും പണപ്പെരുപ്പവും സംസ്ഥാനത്തു വർദ്ധിച്ചു നിൽക്കുന്നത്.

**DIRECTOR (FULL ADDL. CHARGE) DES**

Signed by
G S Rajath
Date: 11-09-2025 14:38:39